**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1478** 03-12-2018 -ൽ മറുപടി നൽകേണ്ടിയരുന്നത്

## മലപ്പുറം ജില്ലയിലെ പ്രളയ പുനരധിവാസ പ്രവർത്തനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.ഉബൈദുള്ള** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രളയക്കെടുതിയിൽ മലപ്പുറം ജില്ലയിലുണ്ടായ നാശനഷ്ടങ്ങൾ റവന്യൂ വകുപ്പ് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | എ) | ഉണ്ട്. മലപ്പുറം ജില്ലയിൽ 488 വീടുകൾക്ക് വാസയോഗ്യം അല്ലാത്ത രീതിയിൽ തകർച്ച നേരിട്ടിട്ടുണ്ട്. 333 കുടുംബങ്ങൾ സ്വന്തമായി വീട് നിർമിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ഇതിൽ 138 കുടുംബങ്ങൾക്ക് ആദ്യ ഗഡു നൽകി. 121 കുടുംബങ്ങൾക്ക് വീട് നിർമിക്കുവാൻ സ്ഥലം കണ്ടെത്തേണ്ടതുണ്ട്. 675 വീടുകൾ 60 - 74% തകർച്ച നേരിടുകയും, 952 വീടുകൾ 30-59% തകർച്ച നേരിടുകയും, 1459 വീടുകൾക്ക് 16-29% തകർച്ച നേരിടുകയും, 3838 വീടുകൾക്ക് 15% തകർച്ച നേരിടുകയും ചെയ്തിട്ടുണ്ട്. 29-05-2018 മുതൽ 31-08-2018 വരെ 6,295.9 ഹെക്ടർ സ്ഥലത്ത് 33% ലധികം കൃഷി നഷ്ടം ഉണ്ടായിട്ടുണ്ട്. പൊതു മരാമത്ത് വകുപ്പിന്റെ 1231 കിലോമീറ്റർ റോഡിനും 18 പാലങ്ങൾക്കും തകർച്ച നേരിട്ടിട്ടുണ്ട്. 27 സ്കൂളുകൾ, 73 അങ്കണവാടികൾ, 32 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, 22 മറ്റ് കെട്ടിടങ്ങൾ, 2346.7 കിലോമീറ്റർ റോഡ് എന്നിവയ്ക്ക് തകർച്ച ഉണ്ടായിട്ടുണ്ട്. |
| ബി) | മലപ്പുറം ജില്ലയിൽ ഓരോ താലൂക്കിലും പ്രളയപുനരധിവാസപ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയും ചെലവഴിച്ച കണക്കുകളും വെളിപ്പെടുത്തുമോ; | ബി) | പ്രളയപുനരധിവാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയും ചെലവഴിച്ച കണക്കുകളും അനുബന്ധമായി ചേർക്കുന്നു. |
| സി) | പ്രളയക്കെടുതി മൂലം വീടുകളിൽ മലിനജലം കയറിയവർക്കുള്ള 10000/- രൂപ നഷ്ടപരിഹാര തുക ഇതുവരെ എത്ര | സി) | മലിനജലം കയറിയവർക്കല്ല 10,000 രൂപ സഹായം പ്രഖ്യാപിച്ചത്. രണ്ട് ദിവസം അടുപ്പിച്ച് വീട്ടിൽ വെള്ളം കയറുകയോ, വീടിന് 75%-ൽ അധികം നാശനഷ്ടം |

| | | | |
|---|---|---|---|
| | കുടുംബങ്ങൾക്ക് വിതരണം ചെയ്തു; താലൂക്ക് തിരിച്ച് വെളിപ്പെടുത്തുമോ; | | നേരിടുകയോ, വീട് പൂർണ്ണമായും തകർന്ന പോകുകയോ ചെയ്തവർക്കാണ് 10,000 രൂപ സഹായം ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം പ്രകാരം അനുവദിച്ചത്.39,970 കുടുംബങ്ങൾക്ക് 10.000 രൂപ സഹായം ലഭിച്ചിട്ടുണ്ട്. അതു പ്രകാരം നിലമ്പൂർ - 1576, ഏറനാട് - 3644, പെരിന്തൽമണ്ണ – 2857. തിരൂർ - 11954, തിരൂരങ്ങാടി - 11457, കൊണ്ടോട്ടി - 2097, പൊന്നാനി - 6385 എന്നിങ്ങനെയാണ് അനുവദിച്ച നൽകിയിട്ടുള്ളത്. |
| ഡി) | ഇനിയും തുക ലഭിക്കാത്തവരുണ്ടെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പരാതി പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | ഡി) | അർഹമായ എല്ലാവർക്കും സഹായം ലഭിക്കും. ദുരിതാശ്വാസം സംബന്ധിച്ച പരാതികൾ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും (ഡെപ്യൂട്ടി കളക്ടർ, ഡിസാസ്റ്റർ മാനേജ്മെന്റ്/അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്), ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ തീരുമാനത്തിൽ പരാതിയുള്ളവർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാനായ ജില്ലാകളക്ടറെയും സമീപിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| താലൂക്ക് | SDRF | | CMDRF | |
|---|---|---|---|---|
| | അനുവദിച്ച തുക | പുനരധിവാസ ത്തിനായി ചെലവഴിച്ച തുക | അനുവദിച്ച തുക | പുനരധിവാസ ത്തിനായി ചെലവഴിച്ച തുക |
| നിലമ്പൂർ | 3,99,23,550 | 3,94,75,081 | 5,74,81,700 | 5,61,29,350 |
| ഏറനാട് | 5,41,13,400 | 32,52,616 | 4,63,78,500 | 4,30,43,600 |
| പെരിന്തൽമണ്ണ | 26,10,00,00 | 14,12,100 | 4,62,28,100 | 2,18,59,300 |
| തിരൂർ | 11,45,61,200 | 661,56,081 | 14,24,28,600 | 6,07,43,200 |
| തിരൂരങ്ങാടി | 3,67,00,000 | 2,61,12,915 | 5,00,86,600 | 6,60,34,250 |
| കൊണ്ടോട്ടി | 1,70,26,800 | 1,15,73,200 | 2,73,40,700 | 2,29,76,500 |
| പൊന്നാനി | 4,83,29,500 | 7,70,06,700 | 3,63,47,600 | 4,64,97,100 |

സെക്ഷൻ ഓഫീസർ